

# ചെണ്ടയുടെ ദുഃഖം

• ചന്ദ്രൻ ചൂലിശ്ശേരി

അപ്പുണ്ണി മാരാർക്ക് വാശി പെരുത്തപ്പോ
ചെണ്ടക്ക് മണ്ടയിൽ നല്ല കൊട്ട്
മണ്ടയിൽ നിർത്താതെ കൊട്ടിയ കൊട്ടുകൾ
പാവമാം ചെണ്ട സഹിച്ചു നിന്നു..
കൊട്ടു കഴിഞ്ഞു മടങ്ങവേ കൈകളിൽ
മാരാർക്കു കിട്ടി പണം നിറയേ..
ചെണ്ടക്ക് തല്ലല്ലാതൊന്നുമേ നിത്യവും
കിട്ടിയതില്ല തളർന്നു പാവം!
തന്നുടെ ശബ്ദം നിലയ്ക്കുന്നതോർക്കുവാൻ
പോലും കഴിയാത്ത ചെണ്ടയെന്നും
ഏറെ സഹിച്ചും വ്യസനിച്ചും തൻമണ്ട
കൊട്ടിനായ് നിത്യവും നൽകീടുന്നു!

▸▸ മലയാളത്തിലെ ആദ്യത്തെ സാഹിത്യമ്യൂസിയം സ്ഥാപിച്ചത് എവിടെ? തിരൂർ



# പുലി വരുന്നേ പുലി

• സന്ദീപ് വേരേങ്കിൽ

ആട്ടിടയൻതൻ മോനൊരുനാ-
ളാടിനെ മേയ്ക്കാൻ പോയ് മേട്ടിൽ
കൂട്ടിനൊരാളുമതില്ലാതെ-
യാടിനെ മേച്ചുമടുപ്പായി.

ദൂരെക്കണ്ടവനാളുകളെ
നിരനിരയായിയുഴുന്നോരെ
ദൂരെയിരുന്നവനലമുറയായ്
'വരണേ വേഗം പുലി വന്നേ'

നേരമ്പോക്കിനതായിയവൻ
നേരില്ലാത്തൊരു നിലവിളിയായ്
കരയുന്നവനെക്കണ്ടപ്പോ-
ളരികത്തെത്തി, പൂട്ടുന്നോർ.

പുലിയുടെ വ്യാജക്കഥയപ്പോൾ
കലിയോടെ കേട്ടവരന്തിച്ചു
ബാലകനവിടെച്ചിരി പൊട്ടി
വേലക്കാരോ തിരികെപ്പോയ്.

ഒരുനാളൊരു പുലി വന്നവിടെ
തിരിയാതോടിയതാടുകളും
കരയുന്നവനുടെയരികത്ത്
ക്രൂരതയേറിയ പുലിമാത്രം!

പുലിതൻ മുന്നിലകപ്പെട്ടാ
ബാലനതില്ലൊരു പരിരക്ഷ,
വേലക്കാരെപ്പറ്റിച്ചാ
ബാലനു നല്ലൊരു ശിക്ഷയുമായ്.



▸▸ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ ചലച്ചിത്രം– നീൽ നിർജനെ(ബംഗാളി)



# ചീരുക്കോഴിയും ചാരുപ്പരുന്തും

• എം. ആർ. സി അരിയല്ലൂർ

ചീരുക്കോഴിക്കുഞ്ഞു മക്കളാണേ
വെണ്ണക്കൽ മുത്തുകൾ പോലെയാണേ
ചാരുപ്പരുന്തിനു കൊതി വരുന്നേ
തഞ്ചത്തിൽ, താളത്തിൽ നോക്കുന്നുണ്ടേ

ചാരുപ്പരുന്തിനെ ചീരു കണ്ടേ
ചിറകുകൾ കുടപോലെയാക്കിടുന്നേ
മുത്തുകൾ കുടയിലൊളിച്ചീടുന്നേ
ചാരുപ്പരുന്തച്ഛൻ ചമ്മിപ്പോയേ...



# മുട്ടകൾ

• റെജി മലയാലപ്പുഴ

ചേട്ടായിക്കും കുട്ടായിക്കും
മുട്ടകൾ കിട്ടീ രണ്ടെണ്ണം
കുട്ടായിക്ക് മുട്ട കൊടുത്തത്
ചിട്ടി നടത്തും താറാമ്മ
ചേട്ടായിക്ക് മുട്ട കൊടുത്തത്
ചേട്ടായീടെ ടീച്ചറമ്മ
കുട്ടായീടെ മുട്ടയെടുത്ത്
പെട്ടെന്നമ്മ പൊരിച്ചേകി
മുട്ടയുമായിട്ടെത്തിയ ചേട്ടൻ
ഇതു കാൺകെ അലമുറയിട്ടു!



# മിന്നും കൂട്ടുകാരൻ



● എം. പി ചന്ദ്രൻ

കൂരാക്കൂരിരുട്ടത്തിരിക്കുന്നു
കുസൃതിക്കാരൻ കൂട്ടുകാരൻ.
കൂട്ടരെത്തേടിയലഞ്ഞു നടക്കുന്നു
തീരെ കുറിയവൻ കൂട്ടുകാരൻ.
കാറ്റത്തുലയുന്ന മാവിന്റെ ചില്ലയിൽ
വാലാട്ടി നിൽക്കണ
തെങ്ങോലത്തുമ്പിൽ
ഇഷ്ടത്തിനൊത്തു
കലപില കൂട്ടുന്ന
രാക്കിളി കൂട്ടത്തിൽ
തൊട്ടടുത്ത്
പാതിരാവത്തും
പരതിനടക്കുന്ന
വവ്വാലിൻ കൂട്ടത്തിൻ ചാരത്ത്
മിന്നിമിനുങ്ങുന്ന
വെട്ടവുമായെത്തും
മിന്നാമിനുങ്ങെന്നു കൂട്ടുകാരൻ!



▸▸ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും വലുത് – കയർ വ്യവസായം